"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ പ്രൊജക്ട് ഡയറക്ടർ (ഡെപ്യൂട്ടി ഡയറക്ടർ) തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ.ജസ്റ്റിൻ.പി.എ (പെൻ: 204628)-യുടെ സസ്പെൻഷൻ പിൻവലിച്ച് കൊണ്ട് ടിയാനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചും അപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് നടപ്പിലാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.264/2026/LSGD തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.05.2025 തീയതിയിലെ LSGD/PD/34149/2024-VIGE5 നമ്പർ റിപ്പോർട്ട്
2. സ.ഉ.(സാധാ) നം.1288/2025/LSGD തീയതി.24-05-2025
3. സ.ഉ.(സാധാ) നം.1905/2025/LSGD തീയതി. 02-08-2025
4. ശ്രീ.ജസ്റ്റിൻ.പി.എ-യ്ക്ക് നൽകിയ 05-11-2025-ലെ കുറ്റാരോപണ മെമ്മൊയും കുറ്റാരോപണ പത്രികയും
5. ശ്രീ.ജസ്റ്റിൻ.പി.എ സമർപ്പിച്ച 02-09-2025-ലെ റിവ്യൂ പെറ്റീഷൻ
6. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ശ്രീ.ജസ്റ്റിൻ.പി.എ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) 1564/2025 നമ്പർ കേസിലെ 16-10-2025-ലെ ബഹു.കോടതി ഉത്തരവ്.
7. 24-11-2025-ന് ചേർന്ന വകുപ്പ് തല സസ്പെൻഷൻ റിവ്യൂ കമ്മിറ്റി യോഗ നടപടിക്കുറിപ്പ്.
8. പ്രിൻസിപ്പൽ ഡയറക്ടറുടെ 17-12-2025-ലെ LSGD/PD/34149/2024-VIGE5 നമ്പർ കത്ത് പ്രകാരം ലഭ്യമായ കാസർഗോഡ് നഗരസഭാ ഇന്റേണൽ കംപ്ലയന്റ് കമ്മിറ്റി പ്രിസൈഡിംഗ് ഓഫീസറുടെ 24/09/2024-ലെ 1 നമ്പർ ഉത്തരവ്
9. 30-12-2025-ന് ചേർന്ന വകുപ്പ് തല സസ്പെൻഷൻ റിവ്യൂ കമ്മിറ്റി യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ പ്രൊജക്ട് ഡയറക്ടർ (ഡെപ്യൂട്ടി ഡയറക്ടർ) തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ.ജസ്റ്റിൻ.പി.എ (പെൻ നം.204628) കാസർഗോഡ് നഗരസഭ സെക്രട്ടറിയായിരുന്ന കാലയളവിൽ പദ്ധതി നിർവ്വഹണം, വസ്തു നികുതി പിരിവ് എന്നിവയിൽ ടി നഗരസഭ വളരെ പിന്നിലായിരുന്നുവെന്നും, പദ്ധതികളുടെ മോണിറ്ററിങ് കൃത്യമായി നടത്തി പുരോഗതി വരുത്തുന്നതിനാവശ്യമായ നടപടികളൊന്നും തന്നെ ടിയാൻ സ്വീകരിക്കാതിരുന്നുവെന്നും, നഗരസഭാ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് കൊണ്ടുപോയില്ലായെന്നും ആരോപിച്ചു കൊണ്ട് കാസർഗോഡ് നഗരസഭാ ചെയർമാൻ സമർപ്പിച്ച പരാതിയിൽ അന്വേഷണം നടത്തി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും പ്രസ്തുത വിഷയങ്ങളിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ.ജസ്റ്റിൻ.പി.എ.യെ 1960-ലെ കേരളാ

സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 (1) പ്രകാരം സർവീസിൽ നിന്നും സസ്പെൻഡ് ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും. അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം (4) കുറ്റാരോപണ മെമ്മൊയും, പത്രികയും ടിയാന് നൽകുകയുമുണ്ടായി.

3. തുടർന്ന് സസ്പെൻഷൻ പുന:പരിശോധിക്കുന്നതിനായി ശ്രീ.ജസ്റ്റിൻ.പി.എ. സമർപ്പിച്ച പരാമർശം (5) റിവ്യൂ പെറ്റീഷനുമായി ബന്ധപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ടിയാൻ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) 1564/2025 നമ്പർ കേസിലെ പരാമർശം (6) ഉത്തരവ് പ്രകാരം, ടി ഉത്തരവ് കൈപ്പറ്റി 2 മാസത്തിനകം ടി റിവ്യൂ പെറ്റീഷനിൽ സർക്കാർ ഉത്തരവാകണമെന്ന് ബഹു. ട്രിബ്യൂണൽ ഉത്തരവാകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷനിൽ തുടരുന്ന തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ സസ്പെൻഷൻ പിൻവലിയ്ക്കുന്നത് സംബന്ധിച്ച തീരുമാനം കൈകൊള്ളുന്നതിനായി പരാമർശം (2) പ്രകാരം രൂപീകരിക്കപ്പെട്ട വകുപ്പ്തല സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ പരാമർശം (7) യോഗ നടപടിക്കുറിപ്പിലെ തീരുമാനപ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (8) അഭിപ്രായ റിപ്പോർട്ട് പരിശോധിച്ച, 30-12-2025-ന് ചേർന്ന വകുപ്പ് തല സസ്പെൻഷൻ റിവ്യൂ കമ്മിറ്റി, ശ്രീ. ജസ്റ്റിൻ പി.എ-യുടെ സസ്പെൻഷൻ പിൻവലിച്ചുകൊണ്ട്, അച്ചടക്ക നടപടിയ്ക്ക് വിഘാതമാകാത്ത തരത്തിൽ ടിയാനെ കാസർഗോഡ് ജില്ലയ്ക്ക് പുറത്തേയ്ക്ക് നിയമിച്ച് സർവ്വീസിൽ പുന:പ്രവേശിപ്പിക്കണമെന്ന് പരാമർശം (9) പ്രകാരം തീരുമാനിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ജസ്റ്റിൻ.പി.എ സമർപ്പിച്ച പരാമർശം (5) റിവ്യൂ പെറ്റീഷൻ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (6) ഉത്തരവ്, പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (8) അഭിപ്രായ റിപ്പോർട്ട്, വകുപ്പ് തല സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ പരാമർശം (9) യോഗ നടപടിക്കുറിപ്പിലെ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ പ്രൊജക്ട് ഡയറക്ടർ (ഡെപ്യൂട്ടി ഡയറക്ടർ) തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ.ജസ്റ്റിൻ.പി.എ (പെൻ 204628)-യുടെ പരാമർശം (3) പ്രകാരമുള്ള സസ്പെൻഷൻ പിൻവലിച്ച്, ടിയാനെ തിരൂർ നഗരസഭാ സെക്രട്ടറിയായി നിയമിച്ചുകൊണ്ട് സർവ്വീസിൽ പുന:പ്രവേശിപ്പിച്ചും, അപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (6) ഉത്തരവ് നടപ്പിലാക്കികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

1. ശ്രീ.ജസ്റ്റിൻ.പി .എ, പ്രൊജക്ക്റ്റ് ഡയറക്ടർ (ഡെപ്യൂട്ടി ഡയറക്ടർ), കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസ്
(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2) ശ്രീ.സജീർ, ലോ ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
3) ശ്രീ.അജിത് കുമാർ, എ.ഡി.ഡി , പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ.ആഡിറ്റ്), കേരള, തിരുവനന്തപുരം
4) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suja. M
സെക്ഷൻ ഓഫീസർ
Date: 02-02-2026 17:19:32

പകർപ്പ് :1. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
2. അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തര വകുപ്പ്.
3. അഡീഷണൽ ചീഫ് സെക്രട്ടറി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.